ഭരണഭാഷ- മാതൃഭാഷ

## പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

### ഹയർ സെക്കൻററി വിഭാഗം, ജഗതി, തിരുവനന്തപുരം

### സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം - ജീവനക്കാര്യം - അച്ചടക്ക നടപടിയുടെ ഭാഗമായി സസ്പെൻഷനിലായിരുന്ന ആറ്റിങ്ങൽ ഗവ. മോഡൽ ബോയ്സ് ഹയർസെക്കന്ററി സ്കൂളിലെ എച്ച് എസ് എസ് ടി ഇംഗ്ലീഷ് അധ്യാപകൻ ശ്രീ അനൂപ് വി (PEN-731756) യെ സർവീസിൽ പുനഃ പ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

---

**-നമ്പർ: HSE/15725/2025-Ad B4** **തീയതി :15-12-2025**

---

പരാമർശം: 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29/07/2025 ലെ ഇതേ നമ്പർ ഉത്തരവ്.

2. ശ്രീ അനൂപ് വി, പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച 14/11/2025 ലെ അപേക്ഷ.

### ഉത്തരവ്

തിരുവനന്തപുരം ആറ്റിങ്ങൽ ഗവ. മോഡൽ ബോയ്സ് എച്ച് എസ് എസ് ലെ എച്ച് എസ് എസ് ടി ഇംഗ്ലീഷ് അധ്യാപകനായിരുന്ന ശ്രീ അനൂപ് വി, മരണപ്പെട്ട ബഹു. കേരള മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദനെപ്പറ്റി സോഷ്യൽ മീഡിയയിലൂടെ മോശം പരാമർശങ്ങൾ നടത്തിയതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരൂർ പോലീസ് ടിയാൾക്കെതിരെ കേസ് (FIR NO-0628/2025) രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കൂടാതെ ശ്രീ അനൂപ് വി സ്കൂളിലെ അക്കാദമികവും അല്ലാത്തതുമായ പ്രവർത്തനങ്ങളിൽ നിസ്സഹരിക്കുകയും സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് എപ്പോഴും തടസ്സം സൃഷ്ടിക്കുന്നതായും ബന്ധപ്പെട്ട പ്രിൻസിപ്പൽ ഈ കാര്യാലയത്തിൽ അറിയിച്ചിട്ടുണ്ട്. കൂടാതെ അഡ്ജെസ്റ്റ്മെന്റ് ട്രാൻസ്ഫർ വാങ്ങി നൽകാം എന്ന് പറഞ്ഞ് ശ്രീ അനൂപ് വി മറ്റുള്ള ഹയർസെക്കന്ററി

അധ്യാപകരെ തെറ്റിദ്ധരിപ്പിച്ചും പ്രലോഭിപ്പിച്ചും പണപിരിവ് നടത്തുന്നതായും സർക്കാർ വിരുദ്ധ പ്രവർത്തനങ്ങൾക്ക് ടിയാൾ വാട്ട്സ്ആപ് ഗ്രൂപ്പിലൂടെ ആഹ്വാനം നടത്തുന്നുവെന്നും ആരോപിച്ച് വാട്ട്സ്ആപ് സ്ക്രീൻ ഷോട്ട് സഹിതം ഈ കാര്യാലയത്തിൽ പരാതി ലഭിച്ചിരുന്നു. മേൽ പരാതികളുടേയും ആരോപണങ്ങളുടേയും അടിസ്ഥാനത്തിൽ തിരുവനന്തപുരം ആർഡിഡി പ്രാഥമികാന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ടി അധ്യാപകനെതിരായ ആരോപണങ്ങളും പരാതികളും ശരിയാണെന്ന് ബോധ്യപ്പെടുകയും ടിയാൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ അനൂപ് വി യെ 1960 ലെ Kerala Civil Services ( Classification Control & Appeal) Rules ലെ ചട്ടം 10(1)(b) പ്രകാരം ഉടൻ പ്രാബല്യത്തിൽ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്ത് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. സസ്പെൻഷൻ ഉത്തരവ് റദ്ദ് ചെയ്ത് സർവീസിൽ തിരികേ പുനപ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ശ്രീ അനൂപ് വി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചതിൻ പ്രകാരം അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്ത ശ്രീ അനൂപ് വി- യെ **എച്ച് എസ് എസ് ടി ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ ഒഴിവുള്ള കാസർഗോഡ് മാലോത്ത് കസബ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിൽ (14010) അച്ചടക്ക നടപടിക്ക് വിധേയമായി പുനഃപ്രവേശിപ്പിച്ച് ഉത്തരവാകുന്നു. ടി അധ്യാപകനെതിരെയുള്ള അച്ചടക്ക നടപടികൾ സർക്കാർ തലത്തിൽ തുടരുന്നതാണ്.**

3. ബന്ധപ്പെട്ട പ്രിൻസിപ്പാൾ ടി അധ്യാപകനെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും, ടി അധ്യാപകന്റെ ജോയിനിങ് റിപ്പോർട്ട് സഹിതം ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതും, ടി അധ്യാപകന്റെ നിയമനം www.dhsetransfer.kerala.gov.in -ൽ conditional status അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. അടുത്ത പൊതു സ്ഥലം മാറ്റത്തിലോ, കോടതി ഉത്തരവ് മുഖേനയോ ടി സ്കൂളിലേക്ക് എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയിൽ മറ്റു അദ്ധ്യാപകർക്ക് നിയമനം ലഭിക്കുകയാണെങ്കിൽ ടി അധ്യാപകനെ മറ്റൊരു

സ്കൂളിലേക്ക് മാറ്റി നിയമിക്കുന്നതാണ്.

Signed by
Umesh N S K
Date: 15-12-2025 00:36:05

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് :

1) വ്യക്തിക്ക്
2) ബന്ധപ്പെട്ട പ്രിൻസിപ്പൽ
3) ആർഡിഡി, ഹയർസെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
5) കരുതൽ/അധികം